
വർണ്ണത്തൂവൽ



പ്രധാനധ്യാപകൻ
ജി. എച്ച്. എസ്. എസ്
കുട്ടമത്ത്
ചെറുവത്തൂർ.

## സന്ദേശം

അക്കാദമിക മികവിന്റെ വളർച്ചയും സർഗ്ഗാത്മകശേഷിയുടെ വളർച്ചയും ഒരുമിക്കുമ്പോഴാണ് ഏതൊരു വിദ്യാർത്ഥിയും മികവുകളെ കൈയിലൊതുക്കി മികച്ച നേട്ടങ്ങൾ കൊയ്യെടുക്കുന്നത്. ജി എച്ച് എസ് എസ് കുട്ടമത്തിലെ കുട്ടികൾ ഈ നേട്ടത്തെ പൂർണ്ണമായും ഉൾകൊണ്ട് പ്രവർത്തിക്കുന്നവരാണ്. കുട്ടികളിലെ സർഗ്ഗാത്മകശേഷികളും ക്രിയാത്മകശേഷികളും വളർത്തിയെടുക്കുന്നതിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പരിപാടികൾ ആസൂത്രണംചെയ്ത് കുട്ടികളിലെ സർഗ്ഗാത്മക ശേഷികളെ പുറത്തെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നടത്തുന്ന ഈ ഡിജിറ്റൽ മാഗസിൻ അത്തരം പ്രവർത്തനങ്ങളുടെ തെളിവാണ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കിയ " വർണ്ണതൂലിക " എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. മുഴുവൻ ക്ലബ്ബംഗങ്ങൾക്കും അഭിനന്ദങ്ങൾ.

31/9/2019
കുട്ടമത്ത്.

പ്രിയരെ,

മലയാളഭാഷയ്ക്ക് സമ്പന്നമായൊരു സാഹിത്യപാരമ്പര്യമുണ്ട്.അത് പരിചയപ്പെടാനും ഒപ്പം  മറ്റുഭാഷകളിലെ ശ്രദ്ധേയമായ സാഹിത്യരചനകളിലേക്കും വൈജ്ഞാനിക മേഖലകളിലേക്കും കടന്നുചെല്ലാനും കുട്ടികൾക്ക് സാധിക്കണം.  ഇതിന് സഹായകമാവുകയാണ് ഈ ഡിജിറ്റൽ മാഗസിൻ.കേവലമായ ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്. സംസ്കാരത്തെ രൂപപ്പെടുത്തുന്നതിലും മാതൃഭാഷ നിർണ്ണായകമായ പങ്കുവഹിക്കുന്നു എന്ന കാര്യവും വിസ്മരിക്കാവുന്നതല്ല.

നമ്മുടെ അറിവുകളും അനുഭവങ്ങളുംസ്വാഭാവികമായ രീതിയിൽആവിഷ്കരിക്കാനും വിനിമയം ചെയ്യാനും ഈ മാഗസിനിലൂടെ ശ്രമിക്കുകയാണ്.തികച്ചും സംതൃപ്തിയോടെ പറയട്ടെ, ഇതിലെ ഓരോതാളുംഅറിവുകളുടെ ശേഖരണമാണ്. വരും കാലത്തേക്ക് കരുതിവെക്കാനുള്ളതാണ്.തലമുറയ്ക്ക് നേരിന്റെ വഴികാട്ടിയുമാണ്.ഈപുസ്തകത്തിൽഅറിവൊരുക്കിയവർ നിരവധിയാണ്.പേരെടുത്തു പറയാനിവിടെ ഒരുങ്ങുന്നില്ല. അവരും വായനക്കാരുടെ മനസ്സിൽ നിറഞ്ഞുനിൽക്കും.ആശംസകളയച്ച് പ്രോത്സാഹിപ്പിച്ചവരുണ്ട്, അണിയറയിൽ പ്രവർത്തിച്ചവരുണ്ട്.എല്ലാവരെയും കൃതജ്ഞത  അറിയിക്കുകയാണ്.മാതൃഭാഷയസ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുന്നതിന് ഈ മാഗസിനും ഇതിലെ രചനകളും സഹായിക്കുമെന്ന്  പ്രത്യാശിക്കുന്നു.

വർണ്ണത്തൂവലൊരുക്കുന്നതിന്ന് ജാഗരൂകരായി സദാപ്രവർത്തിച്ച എല്ലാവർക്കുംഎഡിറ്റോറിയൽ ബോർഡിന്റെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. അതോടൊപ്പം വായനക്കാർക്കു മുന്നിൽ സാദരം ഡിജിറ്റൽ കാവ്യശേഖരം സമർപ്പിക്കുകയുംചെയ്യുന്നു.

എഡിറ്റോറിയൽ ബോർഡ്.

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് - ജി. എച്ച്. എസ്. എസ്. കുട്ടമത്ത്



# എഡിറ്റോറിയൽ ബോർഡ്



# എഡിറ്റോറിയൽ ബോർഡ്

- രമേശൻ പുന്നത്തിരിയൻ(എച്ച് എസ് എ മലയാളം)
- ഈശ്വരൻ നമ്പൂതിരി കെ എം(എച്ച് എസ് എ മലയാളം)
- റോണിത്ത് രാജേഷ്
- നന്ദുദാസ് എ
- ഘനശ്യാം എസ്
- ഹെന സുവർണൻ
- ശ്രുതി എം
- ജിജിൻ ബാബു

<u>സ്റ്റാഫ് എഡിറ്റർ</u>
രമേശൻ പുന്നത്തിരിയൻ

<u>സ്റ്റുഡന്റ് എഡ്റ്റർ</u>
റോണിത്ത് രാജേഷ്

**ഉള്ളടക്കം**


ജലം കൊണ്ട് മുറിവേറ്റവർ......6
ഞാൻ ഒറ്റയ്ക്കാണോ?......7
മണ്ണുവാരി......9
ഒറ്റപ്പെടലിന്റെ യാത്ര......10
ഓണം- ഒരോർമ്മ......11
സെൽഫി......12
കിട്ടാതെ പോകുന്നവ......13
സാമ്പാറ്......14
സ്വാതന്ത്ര്യം......15
മരമില്ല ലോകത്ത് തണലു നൽകാൻ......16
തിരിച്ചറിവ്......17
അനുഭവം എന്ന യാത്ര......19
സൂര്യ തിളക്കത്തോടെ സൂര്യ തിളങ്ങി......21
ഭൂമി തൻ വേദന......26
മാ......27
പ്രകൃതിയുടെ തേങ്ങൽ......28
കോട്ട......29
കാത്തിരിപ്പ്......30
ശ്മശാനത്തിന്റെ മതിൽ......31
പക്ഷി......32
തോൽക്കാതെ ജയിക്കുന്നവർ......33
നക്ഷത്ര പൂക്കൾ......34
പാപ്പുവിന്റെ നന്മ......35
മഴ......36
സ്വപ്നങ്ങൾ......37
ഗാന്ധിജിയുടെ ചെരുപ്പ്......38
അടയാളം......39
ദൈവത്താനുള്ള കത്തുകൾ......40
ഞാൻ......42
ക്വട്ടേഷൻ......43
വാർധക്യം......44
അൽഷിമേഴ്സ്......45
മിട്ടുമിട്ടുക്കൻ......46
പ്രളയാനന്തര കേരളം നേരിടുന്ന വെല്ലുവിളികൾ......47

# ജലം കൊണ്ട് മുറിവേറ്റവർ




അസ്തമിപ്പൂ ജീവിതത്തിൻ
സന്തോഷയാമങ്ങൾ
അനുഭവിപ്പൂ
നോവിൻ കനലോളങ്ങളങ്ങൾ
അസഹിനീയമായിവ
എന്നിലൊഴുകുമ്പോൾ
അറിയുന്നു ഞാനെല്ലാ കാപട്യവും.
അതിമോഹ ലഹരിയിൽ
അറിയാതെ ഒഴുകി
ഞാൻ അറിയുന്നു
മുറിവിന്റെ വേദന.
അത്യാർത്തിയിലൊഴുകുന്നഞാൻ
മദ്യത്തിലലിയുന്ന ഞാൻ .

ജീവിതം
ഉല്ലാസലഹരിയിലാഴ്ത്തുന്നു.
കടത്തിന്റെ കണ്ണിലറിയാതെ
ഇന്നൊഴുകുന്നു ഞാൻ
മുറിവിന്റെയാഴത്തിൽ
ജലം പോലെ .
ഒഴുകിയണയുന്നെൻ ചാരത്ത്
അത്യാർത്തിതൻ തുരങ്കളനവധി .
അറിയാതെ ഏൽക്കുന്ന
അതിമോഹമുറിവുകൾ
കരിയാതെ വെന്തെരിയുന്നുവെൻ
അകത്തളത്തിൽ
മുറിവേൽക്കുന്നിതാ ജനനീ
പാപിയാം മക്കൾ തൻ ക്രൂരമനസ്സിൽ .

റോണിത്ത്

# ഒറ്റയ്ക്കാകുന്നവൾ

നേരം ഇരുട്ടുന്നു. ആ വലിയ വീട്ടിലെ നാലു ചുമരുകൾക്കുള്ളിൽ അവൾ ഒറ്റയ്ക്കായിരുന്നു. അമ്മയെത്താൻ അഞ്ച്മിനുട്ട് ബാക്കിയുള്ളപ്പോൾ ചുമരുകൾക്കുള്ളിൽ നിന്നും പുറത്തിറങ്ങാനുള്ള ഭംഗിയാക്കിയ മരത്തടികൊണ്ട് മൂടിയ ആ ഇടുങ്ങിയ വഴിയിൽ ആരോ മുട്ടുന്നു.

'കതക് തുറക്കൂ'

പെട്ടന്നുള്ള ശബ്ദം കേട്ട് അവൾ വല്ലാതെ ഭയപ്പെട്ടു .എങ്കിലും നെടുവീർപ്പ് വലിച്ച് വിട്ട് അവൾ തന്റെ അമ്മയുടെ നമ്പർ ഒന്നുകൂടി ഡയൽ ചെയ്തു. മറുവശ ത്ത്നിന്ന് ആരും വിളികേൾക്കാത്തതിനാൽ അവൾ ആ വാതിൽ തുറക്കുവാൻ തീരുമാനിച്ചു. അപ്പോഴേക്കും കൈകളാൽ രൂപപെട്ട ശബ്ദം കൂടി വന്നു. വാതിൽ തുറന്നതും കോപ ത്താൽ ചുവന്ന അയാൾ സങ്കടം കൊണ്ട് വരണ്ട ശബ്ദത്താൽ പറഞ്ഞു .

" പെട്ടിയും സാമാനങ്ങളുമെടുത്ത് ഉടനെ ഇറങ്ങണം. സമയമായി "'.

"അതിന് ഞാൻ ഒറ്റയ്ക്കെവിടെ പോകാനാ? അമ്മയെത്തിയിട്ടില്ല'

ഉള്ളിൽ നിന്നും പൊട്ടിവരുന്ന സങ്കടത്താൽ അവൾ ആ മനുഷ്യനോട് പറഞ്ഞു.

'എന്നു പറഞ്ഞാൽ എങ്ങനാ? ഉടനെയിറങ്ങണം. വേറെവഴിയില്ല."

ഒരു മൂളലോടെ അവൾ അതു കേട്ട് വാതിലുകൾ അടച്ച് തന്റെ മൊബൈൽ ഒന്നു കൂടി എടുത്തു. തന്റെ അമ്മയെ മൊബൈലിലൂടെ വീണ്ടും തിരക്കി. അമ്മ എടുക്കണ മെന്ന ചിന്തയിലേയല്ല. അവൾ ഉടനെ അച്ഛൻ അവസാനമായി വാങ്ങിത്തന്ന പാവയുമെടുത്ത് പുറത്തേക്കിറങ്ങി.

നിലവിളിച്ചുകൊണ്ട് വിവിധ മുറികളിൽ നിന്ന് ഇറങ്ങിവരുന്ന അയൽവാസിക ളെ കണ്ടപ്പോൾ അവൾ സ്വയം കണ്ണുകൾ തുടച്ചു. ഓരോ പടികളെണ്ണി അവസാന പടി യിൽ അവൾ തിങ്ങി നിറഞ്ഞ നിരവധി മനുഷ്യരെ കണ്ടു.


എന്തുചെയ്യണമെന്നറിയാതെ നിലവിളിക്കുന്ന അയൽവാസികളോടൊപ്പം താഴെ മുറിയിൽ അവൾ ഇരുന്നു. തന്റെ അമ്മയെ കാത്ത്... നീതിക്കായ്....

അഭിരാം


Akhilesh k

# <u>മണ്ണുവാരി</u>

ഉൾജ്ജലം കാരണം
പുളകം വിതയ്ക്കുന്ന
കുന്നകൾ കാണുവാനില്ല
ഭീകര കൈകൾ പോലങ്ങനെ
കാർന്നുതിന്നീടുന്ന
കുന്നുകളെ
കുന്നു തുരന്നു കയറ്റുന്ന
വാഹനം
മണ്ണുകയറ്റി പറന്നീടുന്നു
ഭൂമിതൻ മാറിൽ
വിതയ്ക്കുന്ന മുറിവ്
നാളെ നമുക്കായ്
കാത്തിരിക്കുന്നത്
അപകട ജീവിതമോ?



യദുകൃഷ്ണൻ

# ഒറ്റപ്പെടലിന്റെ യാത്ര

എന്റെ പിറന്നാൾ ദിവസം
എത്ര പേരാണ്
വീട്ടിന്റെ മുറ്റത്ത് വന്നിരുന്നത്.
അതുകണ്ട ഞാൻ പുത്തനുടുപ്പിട്ടു
മുറ്റത്തേക്കിറങ്ങി
അപ്പോഴതാ
എല്ലാവരും കരയുന്നു.
അതിൻ കൂടെ
അമ്മയും കരയുന്നു
മുറ്റത്തിൻ നടുവിലതാ
അച്ഛൻ കിടക്കുന്നു
വെള്ളവസ്ത്രം
ധരിച്ചു കൊണ്ട്
അതുകഴിഞ്ഞ്
എല്ലാവരും പോകുമ്പോൾ
അമ്മയും
എന്നെ വിട്ട് പോയി
അങ്ങനെ അനാഥനായി .
വൈകാതെ
ഞാൻ  അമ്മയുടെ പിന്നാലെ
തളരാതെ സഞ്ചരിച്ചു.

നന്ദുദാസ്. എ



# ഓണം- ഒരോർമ്മ

ഓണനിലാവത്ത് ഓടംതുഴയാൻ
ഓടിവരും കാറ്റേ , പാടിവരും കാറ്റേ
തിങ്കൾക്കല ചുംബിച്ചുണർത്തിയ
ഓണംവന്നെത്തി.......ഓണംവന്നെത്തി.
കർക്കിടമാടിയറുതിയിൽ വീണ
മനസ്സുകളൊന്നായി.
മാവേലിമന്നനെ പാടിവരവേൽക്കാൻ
കന്യമാർ താലമേന്തി...................
നൊമ്പരപൂക്കൾവിരിഞ്ഞു
കൊഴിഞ്ഞേപോയ്
വന്നുചിരിതൂകി ചിങ്ങമാസം
പൊന്നോണപൂക്കൾ വിരിഞ്ഞുതുടങ്ങി
പൊന്നിൽക്കുളിച്ചു നിരന്നുതുടങ്ങി
ഓണമിങ്ങെത്തിയല്ലോ ............ഓണമിങ്ങെത്തിയല്ലോ..........

-സുരേന്ദ്രൻ.എൻ




## സെൽഫി

അമ്മയുമായി
സെൽഫിയെടുത്തപ്പോൾ
ഞാൻ കരുതിയില്ല
ആയിരക്കണക്കിന്
ലൈക്കുകിട്ടുമെന്ന്
വെള്ള പുതച്ച അമ്മയും
അടുത്തു ഞാനും
കരയുന്ന ഒരു ഇമോജിയും...

യദുകൃഷ്ണൻ

# കിട്ടാതെ പോകുന്നവ



കാത്തിരിപ്പിന്റെ വഴി
ഏകാന്തതയുടെ
കുറ്റപ്പെടുത്തലാണ്
തനിച്ചാകുന്നത്
കൂട്ടം തെറ്റലിന്റെയും
വഴി വിളക്കിന്റെയും
നിഴലാട്ടമാണ്
തെളിഞ്ഞു കത്തുന്ന
മെഴുകുതിരിയുടെ
അവസാനത്തെ ആളലാണ്
നേട്ടത്തിന്റെ മിന്നലാട്ടം
കാണാത്ത
സമ്മാനത്തിന്റെ
സന്തോഷം തന്നെയാണത്.

അതുൽ.കെ.കെ

# <u>സാമ്പാറ്</u>

എന്റെ സാമ്പാറ് വെന്തതും തിളച്ചതും
കാണാൻ വൈകിപ്പോയി,
കരിഞ്ഞമണമടിച്ചപ്പോഴാണ്
തിരിഞ്ഞ് നോക്കിയത്
അടിക്ക് പിടിച്ച പാത്രത്തിലതാ
മദർ തെരേസയും അരുണയും
ശർമിളയുമെല്ലാം വൃത്തിയാക്കുന്നു
കടം വാങ്ങിയ കണ്ണുകളും
വരണ്ടുകീറിയ കരങ്ങളും
നെറ്റിയിൽ പൊടിഞ്ഞ ഉപ്പും
ഒന്നിച്ച് ചേർത്ത്
പുതിയ സാമ്പാറുണ്ടാക്കി

അദിരൂപ്

൯ എ



# സ്വാതന്ത്ര്യം

ഉരുകിയൊലിക്കലിന്റെ
വേദനയിലാണ്
മെഴുകുതിരി
തെളിഞ്ഞു നിൽക്കുന്നതിൻെറ
നിർവൃതിയറിഞ്ഞത്.

ഉയർന്ന് പൊങ്ങുമ്പോഴാണ് പട്ടം
ചരട് പൊട്ടിയതിൻെറ
സ്വാതന്ത്ര്യം അറിഞ്ഞത്.

ഉറക്കെ പാടാൻ കഴിഞ്ഞ
ഏകാന്തതയുടെമിടിപ്പിലാണ്
ക്രൂടൊഴിഞ്ഞതിൻെറ
ആലസ്യം കിളിയെ
വിട്ടൊഴിഞ്ഞത്...

*രമേശൻ പുന്നത്തിരിയൻ*

-

# ***മരമില്ല ലോകത്ത് തണലു നൽകാൻ***

മരമില്ല ലോകത്ത് തണലു നൽകാൻ
മരമില്ല ലോകത്ത് ക്രൂടുകെട്ടാൻ
മരമില്ല ലോകത്ത് കോൺക്രീറ്റു മാത്രമായി
മരമില്ലാ ലോകത്ത് അംബരചുംബികൾ

മരമെല്ലാം തീർന്നതിൻ
നാഡീ ഞരമ്പായ പുഴയെല്ലാം
വറ്റി വരണ്ടുപോയി

ഭ്രൂമി തുരന്നതിൻ ഉൾകാമ്പിലെ
ചോര ഉറ്റികുടിക്കും രാക്ഷസയന്ത്രങ്ങൾ
സർവ്വവും തീർന്നു
ഭൂമിതൻ താണ്ഡവത്താൽ

*അമൻ കൃഷ്ണൻ*

# ***തിരിച്ചറിവ്***

ഒരു കൊച്ചു ഗ്രാമം. ആ ഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിൽ താമസിക്കുന്ന അച്ഛനും അമ്മയും മകളും. അവർക്ക് ആകെയുള്ള മകളാണ് അവൾ, ലക്ഷ്മി. അവർ സന്തോഷത്തോടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നു. അവർക്ക് രണ്ടുപേർക്കും ഒറ്റ മകൾ ആയതുകൊണ്ടുതന്നെ ഒരുപാട് സ്നേഹം അവൾക്ക് നൽകി. അവളെ ഒരുപാട് ലാളിച്ചും, കൊഞ്ചിച്ചും, ഓമനിച്ചും വളർത്തി. ഒറ്റമകളായതിനാൽ അവളെ ചെറിയ കാരണത്താൽ പോലും ബുദ്ധിമുട്ടിച്ചില്ല. അവൾ പറയുന്നതെന്തും ചെയ്ത് കൊടുക്കുമായിരുന്നു. അവളുടെ ആഗ്രഹം എന്തും സാധിച്ചു കൊടുക്കുന്ന പാവം അച്ഛനും അമ്മയും. അവൾക്ക് പതിനെട്ടാം വയസ്സ് തികഞ്ഞ കാലഘട്ടം, അവളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കാനുള്ള പക്വത എത്തിയ സമയം. അവളുടേതായ ഇഷ്ടത്തിനനുസരിച്ച് ജീവിക്കാൻ തുടങ്ങി. സ്വന്തം കാര്യത്തിൽ മാത്രം താത്പര്യം കാണിച്ച അവൾ അച്ഛനിൽ നിന്നും അമ്മയിൽ നിന്നും സ്വയം വിട്ടകലുകയാണ്. അങ്ങനെയിരിക്കെ ഒരുദിവസം അവളുടെ പഠനകേന്ദ്രത്തിൽ നിന്ന് വിനോദയാത്ര പോകുവാൻ തീരുമാനിക്കുകയുണ്ടായി. വീട്ടിലെത്തിയ ലക്ഷ്മി അച്ഛനോടും അമ്മയോടും ഈ വിവരം പറയുകയും താൻ പോകുമെന്ന് ഉറപ്പിക്കുകയും ചെയ്തു. ഒറ്റമകളായതിനാൽ തന്നെ മകളെക്കുറിച്ച് ഭയമായിരുന്ന അവർ അവളെ പോകുവാൻ സമ്മതിച്ചില്ല. കുറേയേറെ വാശിപിടിച്ചിട്ടും അവർ സമ്മതിക്കാത്തതിനാൽ അവൾ സ്വന്തം മാതാപിതാക്കളെ ധിക്കരിച്ച് വിനോദയാത്രയ്ക്ക് പങ്കെടുത്തു. തിരിച്ചെത്തിയ ലക്ഷ്മി കാണുന്നത് അമ്മ അസുഖം ബാധിച്ച് കിടക്കുന്നതായിരുന്നു. എന്നിരുന്നായും സ്വന്തം അമ്മയുടെ അസുഖം പോലും വകവെയ്ക്കാതെ അവൾക്ക് വേണ്ടത് പണം ചിലവാക്കി നേടിയെടുത്തു. അങ്ങനെയിരിക്കെ അവൾ വിദ്യാലയത്തിൽ നിന്ന് യാത്രകഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ അവളുടെ അമ്മ അവളെ വിട്ട് ഈ ഭൂമിയിൽ നിന്ന് പോയിക്കഴിഞ്ഞു എന്നതാണ് കേട്ടത്. അമ്മ നഷ്ടപ്പെട്ട വേദന സഹിക്കാൻ പറ്റാതെ അവൾ അച്ഛന്റെ നെഞ്ചിൽ വീണ് നിലവിളിച്ച് കരഞ്ഞു. അമ്മയെ വേദനിപ്പിക്കണ്ടായിരുന്നു എന്നും,

മാതാപിതാക്കളെ ബുദ്ധിമുട്ടിപ്പിച്ചത് വളരെ വലിയ തെറ്റാണ് എന്നുള്ള തിരിച്ചറിവ് അവൾക്കുണ്ടായി. ശേഷം അമ്മയുടെ നിത്യശാന്തിക്കുവേണ്ടി ആ തിരിച്ചറിവിലൂടെ അച്ഛനോടൊപ്പം സ്നേഹത്തോടെ കഴിഞ്ഞുകൂടി.

ഗോപിക



## അനുഭവം എന്ന യാത്ര

കൂട്ടുകാരുമൊത്തുള്ള അതിമനോഹരമായ ഡൽഹി യാത്രയ്ക്ക് ഒരുങ്ങുകയായിരുന്നു അർജുൻ. ഒരു നൂറു വട്ടമെങ്കിലും അവൻ ബാഗ് ഒരുക്കിയിട്ടുണ്ടാകും. പ്രതീക്ഷകൾ ഏറെയുണ്ട് അവന്. ജിജ്ഞാസ ഒരുപാട് ഉണ്ടായിരുന്നതിനാൽ അവന് ഉറക്കം വന്നില്ല. രാവിലെ 9 മണിക്കുള്ള ട്രെയിനിനായിരുന്നു പോകേണ്ടിയിരുന്നത്. പക്ഷെ 9:05 നായിരുന്നു അവൻ എത്തിയത്. കൂട്ടുകാർക്ക് ശാസിക്കാൻ നേരമില്ലാതിരുന്നത് കൊണ്ട് ഓടി കിതച്ച് ട്രെയിനിൽ കേറാനായി. തിരക്കായതിനാൽ അർജുൻ കൂട്ടം തെറ്റി മറ്റൊരു ട്രെയിനിൽ അകപ്പെട്ടു. ടിക്കറ്റാണെങ്കിൽ രാഹുലിന്റെ കയ്യിലും. അവൻ ആകെ പരിഭ്രാന്തനായി. ടി.ടി വന്നു. ഓരോരുത്തരോടായി ടിക്കറ്റ് ചോദിക്കുന്നു. കറുത്ത കോട്ടിട്ട ചെകുത്താനെ പോലെയാണ് അവന് തോന്നിയത്. വിയർപ്പ് വെള്ളച്ചാട്ടം പോലെ ഒഴുകുന്നു. അവനോട് ചോദിച്ചു : ടിക്കറ്റ് ? തൊണ്ട ഇടറിക്കൊണ്ട് പറഞ്ഞു : ഇല്ല ..... ? ഗൗരവത്തോടെ അയാൾ : അടുത്ത സ്റ്റേഷനിൽ ഇറങ്ങിക്കോ !

മനസ്സിൽ ഇടിവെട്ടേറ്റ പോലെ അവൻ നിന്നു. എവിടെയെന്നറിയില്ല ഭാഷയറിയില്ല. ഫോൺ ചെയ്യുമ്പോൾ ഔട്ട് ഓഫ് കവറേജ്. ആളനക്കമില്ലാത്ത ആ സ്റ്റേഷനിൽ അവൻ ഒറ്റയ്ക്ക്. അടുത്ത് ഒരു ഭിക്ഷക്കാരൻ മാത്രം. കയ്യിലുള്ള പൈസയെത്രയാണെന്ന് എണ്ണി നോക്കുമ്പോൾ ആ ഭിക്ഷക്കാരൻ അവന്റെ പൈസ തട്ടിപ്പറിച്ചു. പിറകെ ഓടിയെങ്കിലും അവൻ രക്ഷപ്പെട്ടു. ബാക്കി ആകെ വെറും നൂറ് രൂപയാണ് കിട്ടിയത്. കൂട്ടുകാരെ വീണ്ടും വിളിച്ചു. ഔട്ട് ഓഫ് കവറേജ്. നടന്നു, ദിശയറിയാത്ത ഒരു പട്ടം പോലെ. പിന്നെ മനസ്സിലായി ഞാൻ എത്തിപ്പെട്ടത് കർണാടക ബോർഡറിലുള്ള എവിടെയോ ആണ്. സ്ഥലങ്ങൾ കാണുകയെന്നത് മാത്രമാണ് യാത്ര എന്ന് അല്ലയെന്നും അനുഭവമാണ് യാത്രയെന്നും അവന് ആ നൂറ് രൂപകൊണ്ടുള്ള യാത്രയിൽ നിന്ന് കിട്ടി. ഒരുപാട് ജോലികൾ ചെയ്ത് അവൻ നാട്ടിൽ തിരിച്ചു പോകാനുള്ള പണം സമ്പാദിച്ചു. നാട്ടിൽ തിരിച്ചെത്തിയ അവനോട്

എല്ലാവരും : ഡൽഹിയൊക്കെ കണ്ടോ ? എങ്ങനെയുണ്ട് ?നീ ക്ഷീണിച്ചിരിക്കുന്നു.

അമ്മ : നിന്നെ വിളിച്ചിട്ട് കിട്ടുന്നുണ്ടായിരുന്നില്ലല്ലോ ?

അർജ്ജുൻ : ഞാൻ ചെയ്ത ഇത്രയും യാത്രകളിൽ ഇതായിരുന്നു എന്റെ യാത്ര, ഞാൻ അനുഭവത്തിൽ മുഴുകി ഔട്ട് ഓഫ് കവറേജ് ആയ യാത്ര.

- ഹെന , നേഹ

# സൂര്യ തിളക്കത്തോടെ സൂര്യൻ തിളങ്ങി

1. പച്ചപ്പ് നിറഞ്ഞ വയലുകൾ. അവിടെ പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദം നമ്മുക്കു കേൾക്കാം. സൂര്യൻ മെല്ലെ ഉണരുന്നു. മൊട്ടുകൾ വിരിയുന്ന പൂക്കൾ അതിനിടയിൽ ഭംഗിയുള്ള ചിത്രശലഭങ്ങൾ. അതിനിടയിലൂടെ ഭംഗിയുള്ള ഒരു പുഴ ഒഴുകുന്നു. അതിനിടയിൽ ഒരു കൃഷിക്കാരൻ. കൃഷിക്കാരന്റെ പേര് സോമൻ എന്നായിരുന്നു. സോമൻ വയലിനടുത്തുള്ള ഒരു ചെറിയ കുടിലിലാണ് താമസിക്കുന്നത്. ഭാര്യ-രമ മകൾ-സൂര്യ. സോമൻ വരമ്പിലൂടെ നടുക്കുകയായിരുന്നു. പെട്ടന്ന് സോമൻ ഞെട്ടി. അപ്പോഴാണ് മകളെ സ്ക്രൂളിൽ ചേർക്കേണ്ട കാര്യം സോമന് ഓർമ വന്നത്. സോമൻ ഭാര്യയെ ഉറക്കെ വിളിച്ചു രമേ...... രമേ....... പെട്ടന്ന് രമ വീടിന്റെ വാതിൽ തുറന്ന് പുറത്തിറങ്ങി എന്നിട്ട് അവൾ ചോദിച്ചു എന്താ സോമേട്ടാ എന്തിനാ എന്നെ വിളിച്ചത്.

സോമൻ മകളെ സ്ക്രൂളിൽ ചേർക്കേണ്ട കാര്യം രമയോട് പറഞ്ഞു. പെട്ടന്ന് രമ ഞെട്ടി

പോയി.അവൾ ചോദിച്ചു അപ്പോൾ സ്ക്കൂളിൽ പണം കൊടുക്കേണ്ടേ. അത് നമ്മൾക്ക്

കൊടുക്കാം നീ ആദ്യം മോളെ വിളിച്ചു ഉണർത്ത്. അപ്പോഴേക്കും ഞാൻ അവിടെ എത്താം. രമ സൂര്യേ നീ എവിടയാണുള്ളത് എന്ന് ചോദിച്ചുകൊണ്ട് വീടിനകത്തേക്ക്

ഓടി. ഇത് അറിഞ്ഞപ്പോൾ സൂര്യ പെട്ടന്ന് ഉണർന്ന് കുളിച്ച് സ്ക്കൂളിൽ പോകാൻ റെഡിയായി അവിടെ ഇരിന്നു. പക്ഷേ ആ സമയം അച്ഛൻ അവിടെ എത്തിയില്ലായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അച്ഛൻ വന്നു,പക്ഷേ അച്ഛന്റെ മുഖം തെളിയാത്തതുപോലെ സൂര്യക്ക് തോന്നി.അവൾ അതിനെ കുറിച്ച് അന്വേഷിച്ചപ്പോൾ അതിന് കൃത്യമായ മറുപടി അച്ചൻ പറഞ്ഞില്ല. അവർ സ്ക്രൂളിലേക്ക് പുറപ്പെട്ടു. സ്ക്രൂളിൽഎത്തിയപ്പോൾ അവർ ഞെട്ടി പോയി. സൂര്യ പറഞ്ഞു എത്ര വലിയ സ്ക്രൂളാണ് ഇത്. ഇവിടെ വന്നവർ ഒക്കെ എത്ര നല്ല വസ്ത്രങ്ങളാണ് ധരിച്ചിരിക്കുന്നത്. സൂര്യ വിചാരിച്ച,ഇവർ എന്നോട് കുട്ടുക്രൂടുമോ. സോമൻ രമയേയും ക്രൂട്ടി ആദ്യം പോയത് പ്രിൻ സിപ്പാളിന്റെ മുറിയിലെക്കായിരുന്നു. അവിടെയെത്തിയപ്പോൾ സോമൻ പ്രിൻസിപ്പാളിനോട് പറഞ്ഞു.സർ,ഞാൻ ഐന്റെ മകളെ സ്ക്രൂളിൽ ചേർ

ക്കാൻ വേണ്ടി വന്നതാണ്. ചേർക്കുമ്പോൾ അടക്കേണ്ട ഫീസ് ഞാൻ കൊണ്ടുവന്നിട്ടില്ല.ഒരു മാസത്തിനുള്ളിൽ ഞാൻ അത് ഇവിടെ എത്തിക്കാം.ഇന്ന് സ്ക്കൂളിൽ ചേർക്കാൻ അനുവദിക്കണം. പ്രിൻസിപ്പൾ അത് അനുവദിച്ചുകൊടുത്തു. സോമനും ഭാര്യയും മകളെ ക്ലാസിലാക്കി പ്രിൻ സിപ്പാളിനോട് നന്ദി പറഞ്ഞ് വീട്ടിലേക്ക് മടങ്ങി.ക്ലാസിൽ കയറിയ സൂര്യ ഒന്നാമത്തെ ബെഞ്ചിൽ ഇരുന്നു. അവിടെ മൂന്ന് കുട്ടികൾ നേരത്തെയിരിക്കുന്നുണ്ടായിരുന്നു. സൂര്യ അവിടെ വന്നിരുന്നതോടെ ആ കുട്ടികൾ
വെരൊരു ബെഞ്ചിലേക്ക് മാറിയിരുന്നു. ഇതൊക്കെ കണ്ട് സൂര്യ ഒറ്റപ്പെട്ടതുപോലെയായി. പെട്ടന്ന് ടീച്ചർ ക്ലസിലേക്ക് കടന്നുവന്നു.ടീച്ചർ ചോദിച്ചു. എന്താ ഈ കുട്ടിമാത്രം ഒറ്റെക്കിരുന്നത്. ആരും ഒന്നും മിണ്ടിയില്ല.ടീച്ചർ മൂന്ന് കുട്ടികളെ സൂര്യയുടെ ബെഞ്ചിയിരുത്തി. ആരും സൂര്യയോട് ഒന്നും മിണ്ടിയില്ല.വൈകിട്ട് വീട്ടിൽ എത്തിയപ്പോൾ സ്ക്കൂളിലെവിഷേശങ്ങൾ അച്ഛനും അമ്മയും അവളോട് ചോദിച്ചു. അവൾ ക്ലാസിൽ നടന്നതൊന്നും പറഞ്ഞില്ല. അങ്ങനെ കൂറേ ദിവസങ്ങൾ ഇങ്ങനെ തന്നെ കടന്നുപോയി. കുറെ പരീക്ഷക്കൾ ഒക്കെ കഴിഞ്ഞു.സൂര്യക്കായിരുന്നു ക്ലാസിൽ ഫസ്റ്റ്. സൂര്യ ഈ സ്ക്കൂളിലേക്ക് വരുന്നതിനുമുമ്പ് അവരുടെ ക്ലാസിൽ ഫസ്റ്റ് അനുവിനായിരുന്നു. പക്ഷേ ഇപ്പോൾ സൂര്യക്കാണ് ഫസ്റ്റ് എന്നറിഞ്ഞപ്പോൾ അനുവിന് ദേഷ്യം വന്നു. അവൾക്ക് സൂര്യയെ ഇഷ്ടമല്ലാതായി.മറ്റു കുട്ടികളിൽ നിന്നും അവളെ ഒറ്റപെടുത്താനായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ടീച്ചർ ക്ലാസെടുക്കുമ്പോൾ ഓഫീസിൽ നിന്ന് ഒരു ചേച്ചി ഫീസ് അടക്കാത്തവരെ വിളിക്കാൻവന്നു.അതിൽ സൂര്യയുടെ പേരും ഉണ്ടായിരുന്നു.അപ്പോൾ അനുവിന് സന്തോഷമായി.ആ ചേച്ചിനാളെ തന്നെ ഫീസ് അടയ്ക്കണമെന്ന് സൂര്യയോട് പറഞ്ഞു.സൂര്യയ്ക്ക് വിഷമമായി.എല്ലാവരും അവളെ കളിയാക്കി. ഇതൊക്കെ സൂര്യ വീട്ടിൽ ചെന്ന് അച്ഛനോടുംഅമ്മയോടും പറഞ്ഞു. അച്ഛൻ ഇതൊക്കെ കേട്ട് എന്തു ചെയണമെന്നറിയാതെ സങ്കടപ്പെട്ടു.അച്ഛന്റെ  സങ്കടം കണ്ട് സൂര്യ പറഞ്ഞു.അച്ഛൻ ഇനി സങ്കടപെടേണ്ടഞാൻ ഇനി സ്ക്കൂളിൽ പോകുന്നില്ല. അങ്ങനെയൊന്നും പറയേണ്ട മോളേ ഞാൻ നിന്റെ പ്രിൻസിപ്പാളിനോട് സംസാരിക്കാം. പിറ്റേ ദിവസം സോമനും സൂര്യയും കൂടിസ്ക്കൂളിലേക്ക് പോയി.സോമൻ പ്രിൻസിപ്പാളിനോട് സംസാരിച്ചു,പ്രൻസിപ്പൾ പറഞ്ഞു നിങ്ങൾ ഫീസ് തന്നില്ലെങ്കിലും കുഴപ്പമില്ല സൂര്യയെ ഇവിടെ തന്നെ പഠിപ്പി ച്ചാൽ മതി.അവൾ ഈ സ്ക്കൂളിന്റെ അഭിമാനമാണ്.നാളെ നടക്കുന്ന

സ്പോർട്സിൽ സൂര്യയെ എന്തായാലും പങ്കെടുപ്പിക്കണം.എന്തായാലും ഫസ്റ്റ് കിട്ടുമെന്നെനിക്കുറപ്പാണ്. സോമന് വളരെയധികം സന്തോഷമായി. അയാൾ വീട്ടിലേക്ക് മടങ്ങി പോയി.സൂര്യ ക്ലാസിലേക്കും പോയി.അവിടെ സൂര്യയെ കണ്ടപ്പോൾ അനുവിന് ദേഷ്യം വന്നു.അവൾ സ്പോട്ടസിൽ പങ്കെടുക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ അതിനെക്കാൾ കോപംവന്നു . അനു കുറെ കെണികൾ  അലോചിച്ചു.സൂര്യ   റെഡിയായി ഷൂഇടാൻ പോയി.
ഷൂ ഇട്ടപ്പോൾ അവളുടെ കാലിൽ കുപ്പിച്ചിൽ തറച്ചു.  ഈ വേദന   സഹിച്ച് . ആരോടും പറയാതെ അവൾ സ്പോട്ട്സിൽ പകെടുത്തു.അവൾക്ക് തന്നെ ഫസ്റ്റ് കിട്ടി.കുപ്പിച്ചിൽ  തറച്ച കാര്യം പിന്നെ സൂര്യ എല്ലാവരോടും പറഞ്ഞു. എല്ലാവർക്കും സൂര്യയെ ഇഷ്ടപ്പെട്ടു. ഇതൊന്നും അനുവിന് സഹിച്ചില്ലായിരുന്നു.ടീച്ചറും അച്ഛനും കൂടി സൂര്യയെ അകത്തേക്ക് കൊണ്ടുപോയി.കാലിൽ തുണികെട്ടികൊടുത്തു.
പിറ്റേ ദിവസം സബ്ജില്ലയിൽ പോകേണ്ട ദിവസമായിരുന്നു.അവിടെ നിന്നും സൂര്യക്ക് തന്നെയായിരുന്നു ഫസ്റ്റ്. പിന്നെ ജില്ലയിൽ അവിടത്തെ കാര്യവും ഇങ്ങനെ തന്നെയായിരുന്നു. പിറ്റേ ദിവസത്തെ പത്രത്തിൽ സൂര്യയുടെ പടവും വാർത്തയും  വന്നു.സൂര്യ തിളക്കത്തോടെ സൂര്യ തിളങ്ങി.
സോമനും ഭാര്യ രമക്കും വളരെയധികം സന്തോഷമായി ക്ലാസിലെ കുട്ടികളെല്ലാം സൂര്യയുടെ കൂട്ടായി സൂര്യക്ക് സന്തോഷമായി.പക്ഷേ അനു മാത്രംഅവളോട് കൂട്ട്കൂടിയില്ല.സോമൻ അയൽക്കാർക്ക് ലഡു വിതരണം ചെയ്തു.അനുവിന്റെ വീട്ടിലും സോമൻ ലഡുവും കൊണ്ട് പോയി.ലഡു കണ്ടപ്പോൾ തന്നെ അനു അത് അയാളുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞു.
പക്ഷേ അനുവിന്റെ അനിയത്തി അഞ്ചുവളരെ പാവമാണ്.അവൾ അനു വലിച്ചെറിഞ്ഞ ലെഡുവൊക്കെ പറക്കിയെടുത്തു എന്നിട്ട് ക്ഷമിക്കണം എന്ന് പറഞ്ഞു.സോമൻ പറഞ്ഞു അതൊന്നും സാരമില്ല മോളെ.സോമൻ അനുവിനെ കുറിച്ചു ആലോചിച്ചു കൊണ്ട് റോഡിലൂടെ നടക്കുകയായിരുന്നു.
അപ്പോൾ ഒരു ലോറിവന്ന് സോമനെ തട്ടി.സോമൻ അവിടെ വച്ചുതന്നെ മരിച്ചു.സൂര്യയുംരമയും   പൊട്ടികരയുകയായിരുന്നു.അവൾക്കറിയാമായിരുന്നു അനുവിന്റെ പ്രതികരണം എന്തായിരിക്കുമെന്ന്.അവൾ അച്ഛനെയും ഓർത്ത് ആകാശത്തേക്ക് നോക്കിനിന്നു.

- അർച്ചന .പി


AKHILESH.K

# ഭൂമി തൻ വേദന

കണ്ടില്ല ഞാൻ ഭൂമി നിൻ നൊമ്പരം
മെഴുകു പോൽ ഉരുകുന്ന നിൻ
ഹൃദയം കണ്ടില്ല ഞാൻ
കാണാതെ പോകയോ എൻ ഹൃദയമീ നൊമ്പരം...

ആടിയുലയുന്ന വൃക്ഷങ്ങൾ
നിൻ കൈകളിൽ നിന്ന് വിട്ടകലുന്നു
പച്ചവിരിപ്പിട്ട നെൽപ്പാടങ്ങൾ
നിൻ കൺകളിൽ നിന്ന് മാഞ്ഞകലുന്നു
വേദനയാമീ നൊമ്പരം കാണാതെ
പോകയോ എൻ ഹൃദയമേ നീ...

(കണ്ടില്ല ഞാൻ)

സമൃദ്ധി തൻ പുഴകൾ
നിൻ തോളിൽ നിന്ന് ഇറങ്ങിയകലുന്നു
ഉയർന്നുയർന്ന് പുഞ്ചിരിതൂകും മലകൾ
നിൻ ദേഹത്തിൽ നിന്ന് ഊർന്നിറങ്ങുന്നു
വേദനയാമീ നൊമ്പരം കാണാതെ
പോകയോ എൻ ഹൃദയമേ നീ...

(കണ്ടില്ല ഞാൻ)

അപർണ.കെ

# <u>**മാ......**</u>

ഇന്നലെയുടെ പഴമകൾ
തികട്ടിയിട്ട
മനസ്സിലെ എച്ചിലുകൾ
ഇന്നിന്റെ നേരുകൾക്ക്
പുളിപ്പിൻ ദുർഗന്ധമേകി
                    മങ്ങിയ വെട്ടങ്ങളിൽ
                    അപൂർണ്ണങ്ങളായ
                    ആൾരൂപങ്ങൾ
                    ദൈവികതയുടെ
                    പിൻമുറക്കാരായി........
ആചാര വിശ്വാസങ്ങൾ
ഉറഞ്ഞ പാതകളിൽ
ഇറ്റു വീണ രക്തത്തിന്
ആർത്തവത്തിന്റെ  അശുദ്ധിയല്ല
ജീവന്റെ പരിശുദ്ധിയായിരുന്നു

- ഈശ്വരൻ.കെ.എം



# പ്രകൃതിയുടെ തേങ്ങൽ

എവിടെ പോയിന്നെൻ പ്രകൃതിഭംഗി
എവിടെ പോയിന്നെൻകാറ്റിൻ സുഗന്ധം
മലകൾതൻ മേനിയാകെ
യന്ത്രകൈകളാൽ പിച്ചിചീന്തുന്നു
വൻ മരങ്ങൾ കടപുഴകി വീഴുന്നു
എങ്ങും നിറയുന്നു രോദനം
പക്ഷികളും അണ്ണാരക്കണ്ണനും
എങ്ങോട്ടെന്നറിയാതെ ഓടുന്നു
ഇനിയില്ലെൻ പ്രകൃതി ഭംഗി
ഇനിയില്ല കാറ്റിൻ സുഗന്ധം
മരണം താണ്ഡവമാടാൻ തുടങ്ങി.

\- ഘനശ്യാം എസ്

# കോട്ട

സത്യദീപമായെന്നും തെളിയുന്ന
ഹൃത്തടത്തിലെ സ്നേഹ സൗഹൃദങ്ങളെ
മത്തടിച്ചു ഞാൻ പാടിപ്പുകഴ് ത്തുന്നു
ഒത്തുക്രൂടാത്ത ചീത്ത നാളിലും
തെറ്റിമാറാതെ ദുർഘടപ്പാതയും
ശക്തിയായെൻറ വാഴ് വിനെയേറ്റിയ
അമർത്യ ദേദിയാം ദുർഗ്ഗങ്ങളാണു നീ....

രമേശൻ പുന്നത്തിരിയൻ

# കാത്തിരിപ്പ്

കാത്തിരിക്കുന്നു പൂക്കളെയിന്നുമേ
കാണാതെപോയ പുലരികളാണവ.
ചേർത്തുനിർത്തണമെന്നുള്ളത്തിലെന്നും
ചോർന്നുപോകാത്ത രാഗഭാവങ്ങളായി
പൂത്തുനിൽക്കുന്ന നൽക്കണിക്കൊന്ന-
-പോലെത്തുമോയെന്നും വിഷുക്കണിയായവ.

- ഹെന സുവർണ്ണൻ

# *ശ്മശാനത്തിന്റെ മതിൽ*

നാട്ടിലെ പൊതുശ്മശാനം കാടുകയറി കിടക്കുകയായിരുന്നു. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ നാട്ടുകാർ ശ്മശാനം വൃത്തിയാക്കി.

"ഇനിയൊരു ചുറ്റുമതിൽകൂടി കെട്ടണം'' പ്രസിഡന്റ് പറഞ്ഞു. നാട്ടുകാരിൽനിന്ന് പിരിവെടുത്ത് ചുറ്റുമതിൽ കെട്ടാൻ എല്ലാവരും കൂടി തീരുമാനിച്ചു.

അറുപിശുക്കനായ രാമുണ്ണിയുടെ അടുത്താണ് നാട്ടുക്കാർ ആദ്യം പിരിനിനു ചെന്നത്. സംഗതിയെല്ലാം കേട്ടുകഴിഞ്ഞ് രാമുണ്ണി പറഞ്ഞു:

"ഇതിന് ഞാൻ സംഭാവന തരുന്ന പ്രശ്നമില്ല!"

"ങേ, അതെന്താ?" നാട്ടുകാർ ചോദിച്ചു."ശെടാ......... ശ്മശാനത്തിന് ചുറ്റുമതിൽ വേണോ?അതിനകത്ത് കിടക്കുന്ന ആരും എന്തായാലും പുറത്തുചാടാൻ പോകുന്നില്ല. പുറത്തുള്ള ആർക്കും അകത്തുപോകണമെന്നില്ലല്ലോ! പിന്നെന്തിനാ ചുറ്റുമതിൽ"

*ജിന്റോ.പി.*

# <u>പക്ഷി</u>



ചെറുചില്ല കൊത്തി പറക്കുന്ന പക്ഷിയേ
അലിവോടെ നോക്കി ഞാനിങ്ങു നിൽക്കേ
തെളിവാനിൽ ഒന്നു പറക്കണമെന്നില്ലേ
ചെറുമോഹം എന്നിൽ ഉണർന്നു നിൽക്കേ
അറിയാതെ നിട്ടിയ കൈകളെന്റെ
നറു തൂവൽ ചിറകായി വീശി മെല്ലേ
അലഘുവായി മാറിയ ഞാനെന്ന ഭാവമോ
അണയാത്ത ദീപത്തിൻ തെളിനാദമായി
കുതുകമോടൊന്നും നിറയട്ടെ എന്നിൽ
അനുപമജ്ജീവിത ചിത്രണങ്ങൾ.

-ഘനശ്യാം

# തോൽക്കാതെ ജയിക്കുന്നവർ

ചൂരൽ മധുരമേൽക്കാതെ
ചോക്കേറിൻ
സാന്ത്വനമേൽക്കാതെ
കളിവാക്കിനാൽനോവാതെ
കണ്ണുരുട്ടിൻ ഭീതിയേശാതെ
ബഞ്ചിലേറി കാഴ്ചനുകരാതെ
ചെവിപൊന്നാകാതെ
അനുസരണയില്ലായ്മയ്ക്കുഭയമായ്
വരാന്ത വിദൂരതയിലേറാതെ
അക്ഷരതെറ്റുകൾക്ക്
ഏത്തമിട്ടിടറാതെ
ചോദ്യങ്ങൾക്കൊരിക്കലും
ഉത്തരമാകാതെ
അജ്ഞതകളാവലാതിയാകാതെ
പടവുകളോരോന്നായ്
ചാടികയറുവോർ
വിജയിച്ചേറുവോർ
തോൽക്കാതെ ജയിക്കുവോർ

ഈശ്വരൻ. കെ. എം

# നക്ഷത്ര പൂക്കൾ

മാനത്തുപൂത്തൊരു നക്ഷത്രത്താരിനെ
മാറോടുചേർക്കാനായി ഞാൻ കൊതിച്ചു
ആലോലമായിയതിൽ താളമിട്ടീടുന്ന
ആവണിത്തെന്നലായി മാറീടുവാൻ
ആയിരം നാളങ്ങളൊപ്പം തെളിയുന്ന
ആകാശദീപത്തെപ്പോലെയെന്നും
ഒപ്പം നറുദീപമായി മാറട്ടെ
സൗഹൃദച്ചാർത്തിന്റെ കൊച്ചുപ്പൂക്കൾ

- നേഹ എൻ. എ

## പാപ്പുവിന്റെ നന്മ

ഒരു ഗ്രാമത്തിലാണ് പാപ്പുവും അവന്റെ അച്ഛനും അമ്മയും താമസിച്ചിരുന്നത്. നല്ല മിടുക്കനായ കുട്ടിയായാരുന്നു പാപ്പു. അവൻ സ്കൂളിനടുത്തുള്ള ഗ്രൗണ്ടിൽ എല്ലാ ദിവസവും വൈകുന്നേരം കളിക്കാൻ പോയിരുന്നു.
പാപ്പുവിന് കുറേ കൂട്ടുകാരുണ്ടായിരുന്നു എല്ലാദിവസവും ജോലി കഴിഞ്ഞുവന്നയുടനെ അച്ഛൻ പാപ്പുവിന് നാണയങ്ങൾ നൽകുമായിരുന്നു. അവനൊരു ചെറിയ കുടുക്കയിൽ അതിട്ടുവെക്കും. "ഈ കുടുക്ക നിറഞ്ഞിട്ടു വേണം എനിക്കൊരു സൈക്കിൾ വാങ്ങാൻ ,മോനുവിനുള്ളതു പോലത്തെ സൈക്കിൾ "എന്നമ്മയോട് പറഞ്ഞു. അങ്ങനെയിരിക്കെ ഒരു ദിവസം കുടുക്ക നിറഞ്ഞു. അവൻ അത് പൊട്ടിച്ച് പൈസയും എടുത്ത് അച്ഛനേയും കൂട്ടി സൈക്കിൾ വാങ്ങാൻ പോയി. കടക്കാരനോട് വിലയൊക്കെ ചോദിച്ച് സൈക്കിൾ തിരഞ്ഞെടുത്തു .അവൻെറ കൈയിലെ പൈസയെക്കാൾ കുറച്ചധികമായിരുന്നു സൈക്കളിന്റെ വില ബാക്കി അച്ഛൻെറ കൈയ്യിലുള്ളതും കൂട്ടി ശരിയാക്കി. ആസമയത്താണ് ഒരു കുട്ടി വിശന്നു കടത്തിണ്ണയിൽ കിടന്നു കരയുന്നത് അവൻ കണ്ടത് . ആ കുട്ടിയുടെ അമ്മ എല്ലാവരോടും പണം ചോദിച്ചു . ആരും തന്നെ നൽകിയില്ല പാപ്പു കടക്കാരനു നൽകാൻ എണ്ണി തിട്ടപ്പെടുത്തിയ പൈസയിൽ നിന്ന് കുറച്ചെടുത്ത് ആ കൊച്ചിൻെറ അമ്മയ്ക്ക് നൽകിയിട്ട് അവന് ചോറ് വാങ്ങിച്ചു നൽകാൻ പറഞ്ഞു. അപ്പോൾ ആ കുഞ്ഞിന്റെ യും അമ്മയുടെയും മുഖത്തെ സന്തോഷം കണ്ടപ്പോൾ അവന് സമാധാനമായി. അച്ഛാ ഇന്നിനി സൈക്കിൾ വാങ്ങേണ്ട നമ്മുക്ക് അത് പിന്നെ വാങ്ങാം എന്ന് പറഞ്ഞു . ഇത് കണ്ട കടക്കാരൻ അവനോട് പറഞ്ഞു ഈ സൈക്കിളിന് ഇതപണം മതി മോനെ ബാക്കി പണം നിൻെറ ആ മനസ്സിനോളം വരില്ല. ഇത് കേട്ട് സന്തോഷത്തോടെ സൈക്കിളുമായി വീട്ടിലേക്ക് മടങ്ങി. സന്തോഷം കൊണ്ട് അച്ഛന്റെ കണ്ണു നിറഞ്ഞു.

-ഘനശ്യാം എസ്

# മഴ

നനുത്ത സ്പർശത്താൽ
അലിവോതിയിരുന്നു........
ഉഗ്രശാസനത്താൽ
അടക്കിയിരുന്നു........
മിന്നലൊളിവെട്ടത്താൽ
വഴികാട്ടിയിരുന്നു.........
ഒരു സ്വകാര്യം പോലെ
ഒപ്പം നടന്നിരുന്നു..........
നനഞ്ഞീറൻ മിഴികളെ
മറച്ചിരുന്നു..........
കാത്തിരിപ്പിനറുതിയായി
ചുംബനമേകിയിരുന്നു.........
ഓർമ്മവരമ്പിലേക്ക്
ഉട്ടു വഴികളായ്.......
ഇരുളിൻ മറവിലൂടെ
ഒരുനീണ്ട തേങ്ങലായ്
പെയ്ത്ത് പെയ്ത്ത്..........
മഴ

**-ഈശ്വരൻ . കെ . എം**

# സ്വപ്നങ്ങൾ..........

ഒരു മരത്തിന്റെ ഇലകൾ പോലെയാണെൻ   സ്വപ്നങ്ങൾ
എണ്ണിയാൽ ഒടുങ്ങാത്തവ
പഴുത്ത ഇലകൽ കൊഴിയുന്ന പോലെ
സ്വപ്നങ്ങൾ പാതിവഴിയിൽ  കൊഴിയുന്നു
ഞാൻ തളരുന്നില്ല
പുതിയ തളിരിലയ്ക്കു വേണ്ടി കാത്തിരിക്കുന്നു
പുതിയ പുതിയ സ്വപ്നങ്ങൾ നെയ്യെടുക്കാൻ
ഉണങ്ങാത്ത മരങ്ങളില്ല
ഞാൻ നെയ്തുവച്ച സ്വപ്നങ്ങളുടെ മരവും
ഒരിക്കൽ ഉണങ്ങുന്നു
സ്വപ്നത്തിന്റെ നാഡീഞരമ്പുകളാകുന്ന
മരത്തിന്റെ വേരുകൾ മണ്ണിൽ നിന്നും വേർപ്പെടുന്നു
വേരുകളില്ലാത്ത ഉൽകൃഷ്ടിയുണ്ടോ?
വരണ്ട മണ്ണിലെ ഉണങ്ങിയ മരത്തിലെ
പൊള്ളയായ ശിഖരങ്ങളിൽ ഇനി
സ്വപ്നങ്ങളാകുന്ന ഇലകളില്ല,
അത് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.
മറ്റാരുടേയോ സ്വപ്നങ്ങളായി വീണ്ടും
ഇലകളിൽ പുനർജ്ജനിക്കുന്നു.

അനുശ്രീ.എം

# ഗാന്ധിജിയുടെ ചെരുപ്പ്

സ്വാതന്ത്ര്യസമരം നടക്കുന്ന കാലം.ഒരിക്കൽ ഗാന്ധിജി സമരത്തിന് പോകാനായി റെയിൽവേ സ്റ്റേഷനിൽ എത്തിയതായിരുന്നു. തീവണ്ടി പുറപ്പെടാൻ ഒരുങ്ങുകയായിരുന്നു.ഇതുകണ്ട അദ്ദേഹം വേഗം തീവണ്ടിയിൽ ഓടിക്കയറുന്നതിനിടയ്ക്ക് ഗാന്ധിജിയുടെ ഒരു ചെരുപ്പ് പ്ലാറ്റ്ഫോമിൽ വീഴുകയും ചെയ്തു.തീവണ്ടി നീങ്ങികഴിഞ്ഞതിനാൽ ചെരിപ്പ് ഇറങ്ങി എടുക്കാൻ അദ്ദേഹത്തിനായില്ല.എല്ലാവരും എന്തുചെയ്യണമെന്നറിയാതെ പരിഭ്രമത്തോടെ അദ്ദേഹത്തെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.എന്നാൽ യാത്രക്കാരെ അമ്പരിപ്പിച്ചുക്കൊണ്ട് ഗാന്ധിജി തന്റെ കാലിൽകിടന്ന മറ്റേ ചെരുപ്പുക്രൂടി ഊരി ആദ്യത്തെ ചെരിപ്പ് വീണിടത്തക്കെറിഞ്ഞു. ഇതുകണ്ട് അടുത്ത് നിന്ന യാത്രക്കാരൻ ചോദിച്ചു :അങ്ങെന്തിനാണ് മറ്റേ ചെരുപ്പ് ക്രൂടി വെലിചെറിഞ്ഞ്ത്.
ഗാന്ധിജി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു:പാവപ്പെട്ട ഒരു വ്യക്തിക്ക് ആ ഒറ്റ ചെരുപ്പ് കൊണ്ട് എന്തു കാര്യം.അതുകൊണ്ടാണ് ഞാൻ മറ്റേ ചെരിപ്പ് ക്രൂടി വലിചെറിഞ്ഞത്.ഇതുകണ്ട് എല്ലാവരും സന്തോഷമായി.

**- സന്തോഷ്**

## അടയാളം

നീറലുകളൊന്നും
വേദനകളായിരുന്നില്ല
എപ്പോഴോ‌ാനുകർന്ന
സുഖാനുഭൂതിതൻ
സ്മൃതികളായിരുന്നു
കാലതിരയിൽ മായാത്ത
അടയാളങ്ങൾ

ഈശ്വരൻ.കെ.എം

# ***ദൈവത്തിനുള്ള കത്തുകൾ***

പുസ്തകമില്ലാത്തതിനാൽ
ക്ലാസ്സുമുറിയുടെ പുറത്ത്
കാറ്റാടിത്തണലപ്പുറത്ത് നിൽക്കാൻ
ടീച്ചർ ശിക്ഷിച്ച ദിനത്തിലാണ്
ഞാനാദ്യമായ് ദൈവത്തിനു കത്തെഴുതിയത്
വരയിട്ട പുസ്തകത്തിൽ നിന്നും
കീറിയെടുത്ത കടലാസിൽ
കണ്ണീരുവീണ വാക്കുകളിങ്ങനെ....



പള്ളിക്കൂടത്തിലെ
ഇളകിയാടുന്ന ബെഞ്ചുപോലെ
ഓലമേഞ്ഞൊരെൻ വീട്ടം
വീഴാറായി നിൽപ്പാണ്
മഴ ചോരുമ്പോൾ
പുസ്തകങ്ങൾക്കു മുന്നിൽ
മണ്ണെണ്ണ വിളക്കിന്റെ വെട്ടം
ദാഹിച്ചുമോഹിച്ചണഞ്ഞു പോകാറുള്ളതും
മാസാവസാനം കഞ്ഞിയിൽ
വെള്ളം കൂടി വരാറുള്ളതും
നീ കാണുന്നുവല്ലോ...
വേഗം കുറേ പണവും, എനിക്കിത്തിരി
കാരുണ്യവും നീ അയക്കണേ!

അഖിൽ എസ്

# ഞാൻ

വൃദ്ധാശ്രമത്തിലെ ആരാമത്തിൽ
പൊഴിഞ്ഞുവീണ പൂക്കളിൽ ,
തിരയുന്നെൻ ജീവിതം.
പച്ച പരവതാനി വിരിച്ച-
പുൽത്തകിടിയിലിന്നല വരെ,
തലയുയർത്തിനിന്ന പൂവിന്റെ
സൗന്ദര്യം നുകർന്നവരിന്ന്
പാദത്താൽ ചവിട്ടിമെതിക്കുന്നു
പുത്രമിത്രാദികളോടൊത്ത്,
ഇന്നലവരെ വാണ ഞാനിന്നോ
ആശ്രമവരാന്തയിലാരയോ നോക്കി
ഏകയായി നിൽപ്പൂ.

ഘനശ്യാം എസ്



# ക്വട്ടേഷൻ

ഭൂമിയെ കൊല്ലാൻ
ചൊവ്വ
ബുധന് ക്വട്ടേഷൻ
കൊടുത്തു.
ബുധൻ ഭൂമിയിലെത്തി
ഭൂമിക്കുനേരെ വാളോങ്ങി.

ഭൂമിയെ
തീർത്തുകളഞ്ഞ മനുഷ്യർ
അപ്പോൾ
ബുധനുനേരെ
തിരിഞ്ഞിരുന്നു.

**നവ്യ.കെ**

# വാർധക്യം

ആ കൊച്ചു തറവാടിന്റെ
അങ്കണത്തിൽ ശൈത്യവും
വർഷവും ഹേമന്തവും
പോയതറിയാതെ അവർ
ഇരുവരും ഏകത്വത്തിന്റെ
വാർധക്യം ചിലവഴിക്കവേ
വസന്തത്തിന്റെ പൊൻപുലരി
അവരെ യോഗനിദ്രയിൽനിന്നെഴുന്നേൽപ്പിച്ചു.
പൊന്നോണം വരവായി
മക്കളും പേരക്കിടാങ്ങളും വന്നണഞ്ഞു
ആ തറവാട് നിശ്ചലമായ
ഉറക്കത്തിൽ നിന്ന് പതിയെ ഉണർന്നു
ആ കൊച്ചുവീട്ടിലനാഥരായ
അവരിരുവരും തന്റെ പേരക്കിടാങ്ങളോടൊത്ത്
രണ്ടാംബാല്യം നുകർന്നു.
അങ്ങനെ വസന്തവും കടന്നുപോയി
അവരിരുവരും വീണ്ടും അനാഥരായി.

**- ശ്രുതി. എം**

# <u>*അൽഷിമേഴ്സ്*</u>

എന്തോ മറന്നപോലെ അയാൾ
തന്റെ പ്ലാസ്റ്റിക്ക് കവർ വീണ്ടും പരതി.
എന്താണെന്ന് മനസിലാകുന്നില്ല.
ഒന്നും മറന്നിട്ടില്ലെന്ന് സ്വയം സമാധാനിച്ച്
ഫുട്പാത്തിലൂടെ മുന്നോട്ടു നടന്നു.
ഇടയ്ക്ക് അയാൾ പോക്കറ്റിൽ കയ്യിട്ട്
ബസ്സ് ടിക്കറ്റ് എടുത്തുനോക്കി,
ഇരുപതു രൂപയുടെ രണ്ട് ടിക്കറ്റുകൾ..
കണ്ടക്ടറെ കുറ്റം പറഞ്ഞു;
അയാൾ  രണ്ട് ടിക്കറ്റ് തന്നു
തിരക്കായതിനാൽ ചോദിച്ചുമില്ല,
20 രൂപ നഷ്ടം.!!

വീട്ടിലെത്തിയതും
വാതിക്കൽ നിന്ന്
മകൾ ചോദിച്ചു;
"മുത്തച്ഛനെവിടെ"..?
അപ്പോൾ മറന്നത്.........?

**സന.എസ്**

# മിട്ടുമിട്ടുക്കൻ

അങ്കണവാടിയിലെ മിട്ടുക്കൻ
ഒന്നിലും രണ്ടിലും മൂന്നിലും നാലിലും
ടീച്ചർമാരുടെ കണ്ണിലുണ്ണി.....
അഞ്ചിലും ആറിലും ഏഴിലും
ബെസ്റ്റ് സ്റ്റുഡന്റ്
എസ്. എസ്. എൽ. സിക്ക് ഫുൾ എ പ്ലസ്
പ്ലസ് വണ്ണിലും ടുവിലും ഫുൾ എ പ്ലസ്
മെഡിക്കൽ എൻട്രൻസിൽ
ജില്ലയിൽ ഒന്നാമൻ

പ്രൈസുകൾ വയ്ക്കാൻ
വീട്ടിൽ ഇടമില്ലാത്തതിനാൽ
അച്ഛനേയും അമ്മയേയും
അഗതിമന്ദിരത്തിലാക്കി

വാട്സ് ആപ്പിൽ ചാറ്റ്ചെയ്ത്
സ്നേഹം പ്രകടിപ്പിച്ച
ബുജ്ജിക്ക്
ജീവിതത്തിലെത്ര എ പ്ലസ്.....?

നയന.കെ

# പ്രളയാനന്തര കേരളം നേരിടുന്ന വെല്ലുവിളികൾ

ഈ രണ്ട് വർഷങ്ങളിൽ നാം ഭീതിയുടെ മുൾമുനയിൽ നിന്ന രണ്ട് പ്രളയം നമ്മൾ കണ്ടു . കേരളജനത ഇന്നു കണ്ടതിൽ വെച്ച് ഏറ്റവും വലിയ രണ്ട് ദുരന്തങ്ങൾ . എന്നാൽ കേരള ജനതയുടെ ഐക്യബോധം ഈ ദുരന്തത്തിൽ നിന്ന് കേരളത്തെ എളുപ്പത്തിൽ മോചിപ്പിച്ചു.

പ്രളയാനന്തര കാലത്ത് ഒരു വശത്ത് പ്രളയദുരന്തം കണ്ടുനിന്നപ്പോൾ മറുവശത്ത് കേരളത്തിലെ ജനത ഒറ്റക്കെട്ടായി കണ്ടു. ഇതിലൂടെ കേരളം ഈ രാജ്യത്തിന് മാത്രമല്ല , ഈ ലോകത്തിനു തന്നെ മാതൃകയാണ്. ഏത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പോയാലും ജാതി - മത - പ്രാദേശിക വ്യത്യാസമില്ലാതെ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കുന്ന ആ കണ്ണ് നനയ്പ്പിക്കുന്ന കാഴ്ച കാണാൻ സാധിക്കില്ല.


ഈ പ്രളയത്തിനോടകം കേരളത്തിന്റെ വലിയൊരു സേനയാണെന്ന് മത്സ്യത്തൊഴിലാളികൾ തെളിയിച്ചുകഴിഞ്ഞു. സ്വന്തം ജീവൻ പണയപ്പെടുത്തി പതിനായിരങ്ങളുടെ ജീവൻ രക്ഷിച്ചു. അതുവരെ തുച്ഛവൽക്കരിച്ച മത്സ്യത്തൊഴലാളികളെ അന്നവർ ദൈവതുല്യരായി കണ്ടു. ഇപ്പോഴാണ് കേരള ജനത കുമാരനാശാന്റെ വാക്കുകൾ അനുസരിച്ചത്. " അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ " എന്ന് ഇത് വെറും എഴുതപ്പെട്ട വാക്കുകളല്ലെന്ന് കേരള ജനത തെളിയിച്ചു കഴിഞ്ഞു.

നമ്മുടെ കേരളത്തിനെ പ്രളയം ഒരുപാട് ബാധിച്ചിരുന്നു. കേരളം സാമ്പത്തികമായി തളർന്നിരുന്നു. കേരളത്തിന്റെ മനോഹാരിത നഷ്ടപ്പെട്ടിരുന്നു. ഒരുപാട് സന്മനസ്സുകൾ നമ്മെ വിട്ട് പിരിഞ്ഞിരുന്നു. ഇതെല്ലാം തീരാദുഃഖമായിരുന്നെങ്കിൽപ്പോലും സ്നേഹമെന്ന ഒരു നല്ല വികാരം കൊണ്ട് അവർ കീഴടക്കി. അതുവരെ സ്വയം പരിഷ്കാരത്തിന്റെ മേലങ്കി അണിഞ്ഞ അഹങ്കാരിയായ മനുഷ്യർ ധനസൗഭാഗ്യങ്ങളും

വെടിഞ്ഞ് ഒറ്റക്കെട്ടായി നിന്നു. ഈ സമത്വമാണ് അയ്യങ്കാളി ആഗ്രഹിച്ചത്. ഇതാണ് ശ്രീനാരായണഗുരു പറഞ്ഞത്. ഇതിനാണ് മഹാത്മാഗാന്ധി പൊരുതിയത്. ഈ പ്രളയകാലത്ത് എത്രയോപേർക്ക് വീട് നഷ്ടപ്പെട്ടു. മറ്റ് അത്യാവിശ്യ സാധനങ്ങൾ നഷ്ടപ്പെട്ടു. ഇത് കണ്ട് ജനങ്ങൾ നോക്കിനിൽക്കുകയല്ല ചെയ്തത്. അവർ കൈയ്യിലുള്ളതെല്ലാം മറ്റുള്ളവരുടെ ഉന്നമനത്തിനായി നൽകി. ഉള്ളത് മറ്റുള്ളവർക്ക് നൽകി അവർ സ്വയം സംതൃപ്തി നേടി. നമ്മൾ കൊടുക്കുന്ന സാധനങ്ങളുടെ മൂല്യത്തിനല്ല കാര്യം, അത് എത്ര ചെറുതായാലും. ഇതെല്ലാം ഒരു ദൂരത്തിലൂടെ മനസ്സിലായി. ശരിക്കും ഈ പ്രളയം ജനങ്ങളുടെ കണ്ണുതുറപ്പിച്ചു. ഈ പ്രളയം ഒരു ദുരന്തമായിരുന്നെങ്കിലും ഉറങ്ങിക്കിടന്ന സ്നേഹവും, സഹതാപവുമെല്ലാം ഉണർന്നു. നമ്മൾ യഥാർത്ഥ മനുഷ്യരായത് ആ പ്രളയകാലത്തായിരുന്നു.

ഈ പ്രളയം പ്രകൃതി മനുഷ്യന് നൽകിയ ഒരു സമ്മാനമാണ്. മനുഷ്യൻ പ്രകൃതിയോട് ചെയ്ത നീഛ കർമ്മങ്ങളുടെ ഫലമാണ് പ്രളയം. പാവപ്പെട്ടവർ തനിക്ക് താമസിക്കാൻ പോലും സ്ഥലമില്ലാതെ നിൽക്കുമ്പോൾ പണക്കാർ തന്റെ പറമ്പിൽ 2-3 നിലയിലുള്ള വലിയ മണിമാളികകൾ കെട്ടുന്നു. മുറ്റത്ത് ഇൻഡർ ലോക്കുകൾ ഇടുന്നു. ജലം ഇറങ്ങാൻ സ്ഥലമില്ല, കൂടാതെ വലിയ ജലസംഭരണികളായ കുന്നുകളെയും, വയലുകളെയും മനുഷ്യർ ഇൻച്ചിൻചായി കൊല്ലുന്നു. പിന്നെ മാലിന്യം കൊണ്ട് പ്രകൃതിയെ നിറച്ചുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം പ്രതിപ്രവർത്തനമായ കലിയിളകിനിന്ന പ്രകൃതി പ്രളയത്തിന്റെ രൂപത്തിൽ നമ്മുടെ നേരെ പ്രതികരിച്ചു. ഇളകിയ കുന്നുകൾ സർവ്വ ശക്തിയുമെടുത്ത് കേരളജനതയെ വിഴുങ്ങി. ഈ സമയത്ത് ഇത് കൂടുതൽ ശക്തി പകർന്നു.

എന്നാലും കേരളത്തിന്റെ ഒരു ഏകത കാണാൻ സാധിച്ചു. അത് ഒരു സൗഭാഗ്യമായിരുന്നു.



# THANK YOU